(ബി) ഉത്തരം (എ) യിൽപ്പറയുന്ന തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ പ്രസ്തുത കൺട്രോൾ റൂമിൽ 3 ഷിഫ്റ്റുകളിലായി പ്രവർത്തിക്കാൻ ടി സ്റ്റാഫ് പാറ്റേൺ ഉപയോഗിച്ച് സാദ്ധ്യമല്ല എന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അധിക ഉദ്യോഗസ്ഥരെ എ.ആർ. ക്യാമ്പിൽനിന്നും അടുത്ത പോലീസ് സ്റ്റേഷനിൽനിന്നും അറ്റാച്ച് ചെയ്ത് ഡ്യൂട്ടി നോക്കിവരികയാണ്. എസ്.ഐ.-1, എസ്.സി.പി.ഒ.- 10, സി.പി.ഒ.- 14, വനിതാ സി.പി.ഒ.- 1. എന്നാൽ എ.എസ്.ഐ.യുടെ ഒരു ഒഴിവ് നിലവിലുണ്ട്.

(സി) ശ്രദ്ധിക്കുന്നതാണ്.

കൊടുവള്ളി - പുതിയ പോലീസ് സ്റ്റേഷൻ നിർമ്മാണം

181 (6330) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന് ആവശ്യമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം നരിക്കുനി ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

നഗരൂരിൽ പോലീസ് സ്റ്റേഷൻ

182 (6331) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂരിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയതായി പോലീസ് സ്റ്റേഷനുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം നഗരൂരിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം മുൻഗണനാക്രമത്തിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly